പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ ; 5881

08-07-2013 ൽ

മറു പടിയ്ക്ക്

മുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാർ പാനൽ

ചോദ്യം

ഉത്തരം

ശ്രീ. ബാബു. എം. പാലശ്ശേരി

ശ്രീ. കെ.സി. ജോസഫ്
( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) മുഖ്യമന്ത്രിയുടെ ഓഫീസിൽ ഏതുസ്ഥാപനമാണ് സോളാർ പാനൽ സ്ഥാപിച്ചത്; എന്ത് തുക ഇതിനായി ചെലവഴിച്ചു; അത് ഏത് ഹെഡ്ഡിൽ നിന്നാണ് ചെലവഴിച്ചത്; | എ) സി-ഡിറ്റാണ് മെഗാബൈറ്റ് ടെക്നോളജീസ് എന്ന കമ്പനിയുടെ സഹായത്തോടെ മുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാർ പാനൽ സ്ഥാപിച്ചത്. ഇതിനായി 2,20,000/- രൂപ സി-ഡിറ്റിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. |
| ബി) സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനർട്ടിനേക്കാൾ സാങ്കേതിക പരിജ്ഞാനം കൂടുതലുള്ള സ്ഥാപനമാണോ സി-ഡിറ്റ്; ഇല്ലെങ്കിൽ അനർട്ടിനെ ഒഴിവാക്കി സി-ഡിറ്റിനെ ഏൽപ്പിക്കിനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | ബി) അനെർട്ടിനെ ഒഴിവാക്കിയതല്ല. സോളാർ പാനൽ പ്രചാരണത്തനായി സി-ഡിറ്റ് ആവിഷ്കരിച്ച സൂര്യകേരളം പദ്ധതി ഉദ്ഘാടനം ചെയ്യുന്നതിന്റെ ഭാഗമായാണ് ഈ യൂണിറ്റ് സ്ഥാപിച്ചത്. |
| സി) സി-ഡിറ്റ് നേരിട്ടാണോ സോളാർ പാനൽ സ്ഥാപിച്ചത്. അല്ലെങ്കിൽ ഏത് കമ്പനിയാണ് സി-ഡിറ്റ് അധികാരപ്പെടുത്തിയതു പ്രകാരം സോളാർ പാനൽ സ്ഥാപിച്ചത്; ഈ കമ്പനിക്ക് അനർട്ടിന്റെ അംഗീകാരമുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | സി) മെഗാബൈറ്റ് ടെക്നോളജീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ സി-ഡിറ്റാണ് സോളാർ പാനൽ സ്ഥാപിച്ചത്. മെഗാബൈറ്റ് ടെക്നോളജീസന്റെ ബ്രയിൽ വിത്തൗട്ട് ബോഡേർസ് (Braille without boarders) എന്ന പ്രോജക്ടിന് എം എൻ ആർ ഇ യിൽ നിന്ന് അംഗീകാരസൂചകമായി അനെർട്ട് വഴി സബ്സിഡി ലഭ്യമായിട്ടുണ്ട്. |

സെക്ഷൻഓഫീസർ